കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൊൻമള ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം26/3272/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 13.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് .(സെക്രട്ടറി മുഖേന)

പൊൻമള ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൊൻമള ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം26/3272/2016 തിയ്യതി: 13/02/2017

## മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08-08-2015 മുതൽ 18-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-11-2016 മുതൽ 01-12-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. ഷീബ ഇസഡ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി. സൽമത്ത് ടി പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.എം കെ നഫീസ | 01.04.2015 മുതൽ 31.10.2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം (കൃഷി ഓഫീസർ, എ.ൈ.സി.ഡി.എസ്, സെക്രട്ടറി എന്നിവർ അടങ്ങിയ ഭരണ നിർവഹണ സമിതി) | 01.11.2015 മുതൽ 18.11.2015 വരെ |
| ശ്രീ. മൊയ്തീൻ കെ | 19.11.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. പി പി ഷുഹൂദ് | 01.04.2015 മുതൽ 31.03.2016 വരെ |

അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| ശ്രീ. പ്രഭാകരൻ കെ | 01.04.2015 മുതൽ 17.08.2015 വരെ |
| ശ്രീമതി ഇന്ദു ബി | 18.08.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീ. രാജു എം ഡി | 01.04.2015 മുതൽ 31.05.2015 വരെ |
| | ശ്രീ . അബ്ദുൽ ഷുക്കൂർ | 01.06.2015 മുതൽ 11.08.2015 വരെ |
| | ശ്രീ. ജയരാജ് പി | 12.08.2015 മുതൽ |

| | | |
|---|---|---|
| | | 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ശരത് ബാബു ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. അബ്ദുസലാം ആലങ്ങാടൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. അയൂബ് എ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബിന്ദു എം കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജി പ്രശാന്ത് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നവാസ് പി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. മല്ലിക പി | 01.04.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അബ്ദുൽ ജലീൽ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ സിനി എം | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | നികുതി പിരിവിനായി ഇഷ്യൂ ചെയ്ത രസീതി ബുക്കുകൾ ഉപയോഗിച്ചിട്ടില്ല | 2-1 | |
| 13 | ഡി ആന്റ് ഒ ലൈസൻസ് ലൈസൻസ് വിതരണം കാര്യക്ഷമമല്ല | 2-2 | |
| 14 | തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-3 | |
| 15 | പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 2-4 | |
| 16 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-5 | |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-6 | |
| | | | |

| | | | |
|---|---|---|---|
| 18 | ഓഡിറ്റോറിയങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-7 | |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി | 2-8 | |
| 20 | കോൽക്കളം സർവീസ് സഹകരണ ബാങ്കിന്റെ ശാഖകളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-9 | |
| 21 | റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-10 | |
| 22 | ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകത | 2-11 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 23 | അംഗൻവാടി പൂരക പോഷകാഹാരം - മാവേലി സ്റ്റോറിലെ നിരക്കിലേക്കാൾ അധിക തുക നൽകി | 3-1 | |
| 24 | പോട്ടബിൾ ബയോ ഗ്യാസ് പ്ലാന്റ് - 70% പാഴ് ചെലവ് | 3-2 | |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-3 | |
| 26 | ആയുർവേദ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങലിന് വികസന ഫണ്ട് വിനിയോഗിച്ചത് | 3-4 | |
| 27 | ആയുർവേദ മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല | 3-5 | |
| 28 | റോഡ് പ്രവൃത്തികൾ അമിത കനത്തിൽ കോൺക്രീറ്റ് ചെയ്തത് പാഴ്ച്ചെലവ് | 3-6 | |
| 29 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ മാർഗരേഖ പാലിക്കുന്നില്ല. | 3-7 | |
| 30 | കൺവീനർമാരിൽ നിന്ന് ആദായ നികുതി അടവാക്കിയില്ല | 3-8 | |
| 31 | പദ്ധതികൾ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല. തുക പാഴ്ച്ചെലവ് | 3-9 | |
| 32 | ആശ്രയ പദ്ധതി - പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല | 3-10 | |
| 33 | ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസം തുടർനടപടി അനിവാര്യം | 3-11 | |
| 34 | എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-12 | |
| 35 | സ്കൂളുകൾക്ക് കൈപ്പുസ്തകം നൽകിയത് പാഴ്ച്ചെലവ് | 3-13 | |
| 36 | സബ്സിഡി മാർഗ്ഗരേഖയിൽ പറയാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ച | 3-14 | |
| 37 | മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 3-15 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 48 | Audit Certificate | 2 | |
| 49 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| | | | |

| | | | |
|---|---|---|---|
| 50 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 51 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 23-03-2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും, അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31/07/2016 | 19/07/2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19-11-16 മുതൽ 1-12-16 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

2015-16 വർഷത്തെ വാർഷിക കണക്കുകളിൻ മേൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. ബീലേറ്റഡ് ഫീസ്, Fee for Penal interest,Fines,Application Fee, Other Fee,എന്നീവരവ്ഇനങ്ങളുടെഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

2. പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ തൻ വർഷം 1000 രൂപ വരവ് ഉണ്ടെങ്കിലും ആയത് AFS ൽ 200 രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്

3. മരാമത്ത് പ്രവൃത്തികളിലെ Performance Guarranty ആയി ലഭിക്കുന്ന തുകകൾ (EMD,SD) എന്നിവ AFS ൽ ഉൾപ്പെടുത്തുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. Annual Stock Report തയ്യാറാക്കിയിട്ടില്ല

6. Fund Utilisation പത്രികയിൽ Transfer Credit ചെയ്ത തുകകൾ ഉൾപ്പെടുത്തിയിട്ടില്ല

7 .മുൻ വർഷ AFS സാക്ഷ്യ പത്രത്തിലെ അപാകത പൂർണമായും പരിഹരിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28882034 |
| വരവ് | 40562046 |
| ആകെ | 69444080 |
| ചെലവ് | 56767566 |
| നീക്കിയിരിപ്പ് | 12676514 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ട് വിനിയോഗം 2015-16 ACR പ്രകാരമുള്ള വിവരങ്ങൾ

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | നീക്കിയിരിപ്പ് (Lapsed) | നീക്കി ബാക്കി (RP 40 b) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് | 4713675 | 8845172 | 13558847 | 13120002 | 96.76 | 438845 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| പൊതു വിഭാഗം | | | | | | | |
| വികസന ഫണ്ട് എസ്. സി. പി | 462325 | 2253000 | 2715325 | 1855479 | 68.33 | 859846 | 0 |
| വികസന ഫണ്ട് ടി. എസ് .പി | - | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1909247 | 10666000 | 12575247 | 11192211 | 89.00 | 1383036 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1796787 | 2888000 | 4684787 | 4120563 | 87.95 | 5,64,224 | |
| 13-ാം ധനകാര്യ കമ്മീഷൻ | 2872112 | 3641731 | 6513843 | 6484287 | 99.54 | 29556 | |
| പെർഫോമൻസ് ഗ്രാന്റ് | 3178091 | | 3178091 | 3175613 | 99.92 | 2478 | |
| എം എൻ ആർ ജി എസ് | 526 | 6868878 | 6869404 | 6866394 | 98.96 | 3010 | 3010 |
| ബി ഫണ്ട് | 0 | 388840 | 388840 | 385022 | 99 | 0 | 0 |
| മറ്റുള്ളവ | | | | | | | |

## 1-6 പദ്ധതി അവലോകനം

**A) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ |
|---|---|---|---|---|---|---|---|---|
| 2015-16 | 252 | 59096451 | 211 | 50235879 | 33 | 8 | 83.33 | ഇല്ല. |

**B) നിർവഹണ ഉദ്യോഗസ്ഥൻ നടപ്പാക്കിയവ**

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുകഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| സെക്രട്ടറി | 19 | 3337091 | 12 | 1659029 | 5 | 2 | 63 |
| അസി. സെക്രട്ടറി | 2 | 575000 | 2 | 500000 | 0 | 0 | 100 |
| കൃഷി ഓഫീസർ | 11 | 2160216 | 11 | 1957702 | 0 | 0 | 100 |
| വി ഇ ഒ | 11 | 5899800 | 9 | 4880125 | 2 | 0 | 82 |
| അസി. എഞ്ചിനീയർ | 181 | 37198744 | 151 | 31955950 | 24 | 6 | 83 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 6 | 4204000 | 6 | 3947634 | 0 | 0 | 100 |
| ഹെഡ്മാസ്റ്റർ | 9 | 2623000 | 7 | 2291250 | 2 | 0 | 78 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 678600 | 4 | 630296 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 550000 | 3 | 549368 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർ | 2 | 120000 | 2 | 119000 | 0 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| (ഹോമിയോ) | | | | | | | |
| വെറ്ററിനറി സർജൻ | 4 | 1750000 | 4 | 1745525 | 0 | 0 | 100 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+).(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4978465 | 3564004 | 1414461 | (-28) |
| നികുതിയേതര വരവുകൾ | 1443889 | 1460726 | 16837 | 1 |
| മറ്റുവരവുകൾ | 8297125 | 8782595 | 485470 | 5.85 |
| ആകെ | 14719479 | 13807325 | 912154 | (-6.19) |

## 1-8 ക്ഷേമപദ്ധതികൾ

A) ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72240 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 1055850 | 147 |
| വിധവാപെൻഷൻ | 10822960 | 1176 |
| വാർദ്ധക്യകാലപെൻഷൻ | 7778910 | 1407 |
| വികലാംഗപെൻഷൻ | 3215480 | 342 |
| വിവാഹ ധനസഹായം | 250000 | 11 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 289800 | 28 |

B) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|
| തൊഴിൽരഹിത വേതനം | 1 | 1 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 7 | 7 | 1 |
| വിധവാപെൻഷൻ | 72 | 72 | 5 |
| വാർദ്ധക്യകാലപെൻഷൻ | 406 | 357 | 49 |
| വികലാംഗപെൻഷൻ | 23 | 23 | 8 |
| വിവാഹ ധനസഹായം | 6 | 6 | 2 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 0 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-11-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് തുക അതാതു ദിവസം ബാങ്കിലടവാക്കിയതിനാൽ ക്യാഷ് ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

<u>മാസ്റ്റർ ഇംക്യുംബൻസി</u>

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തന്ന

മാസ്റ്റർ ഇംക്യംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഗ്രാമസഭാ സംഘാടനം

ഓരോ വർഷവും ഒക്ടോബർ മാസത്തോടെ അടുത്ത വർഷത്തെ ഗ്രാമസഭാ തീയതികൾ മുൻകൂട്ടി നിശ്ചയിക്കണമെന്നും, പൊതുസ്ഥലങ്ങളിലും, വാർത്താബോർഡുകളിലും പ്രദർശിപ്പിക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം (സർക്കുലർ നം. 22675/എൽ3/99/തസ്വഭവ. തിയ്യതി. 03/08/2004) പാലിക്കുന്നില്ല. പ്രസ്തുത സർക്കുലറിൽ വർഷത്തിൽ നിർബന്ധമായും 4 ഗ്രാമസഭകൾ ചേരേണ്ടതാണെന്നും ഓരോ ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭകൾ വിളിച്ച് ചേർക്കുന്നതിൽ ഈ നടപടിക്രമങ്ങൾ ഒന്നും പാലിക്കപ്പെടുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-11-16<br>18/11/2016 | 2016 ഒക്ടോബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-09-2016 മുതൽ<br>28-09-2016 വരെ | 2011-12 to<br>2015-16 | ലഭിച്ചിട്ടില്ല |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി പിരിവിനായി ഇഷ്യു ചെയ്ത രസീതി ബുക്കുകൾ ഉപയോഗിച്ചിട്ടില്ല

ഔട്ട് ഡോർ കളക്ഷന് വേണ്ടി ഫീൽഡ് ക്ലാർക്കുമാർക്ക് 2016-17 സാമ്പത്തിക വർഷം കാഷ്യർ ഇഷ്യു ചെയത 4 രസീതി ബുക്കുകളിൽ 3 എണ്ണവും ഓഡിറ്റ് നടക്കുന്ന തീയതി വരെ (25.11.2016) ഒരു രസീതി പോലും ഉപയോഗിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രന | രസീതി ബുക്ക് നം | രസീതി ബുക്ക് ഏറ്റെടുത്ത ക്ലാർക്ക് | നൽകിയ തീയതി | ഉപയോഗിച്ച രസീതുകൾ |
|---|---|---|---|---|
| 1 | 18927 | ശ്രീമതി. നിഷ എ | 12/08/2016 | 0 |
| 2 | 18928 | ശ്രീ. ഷാഫി സി പി | 12/08/2016 | 0 |
| 3 | 18929 | ശ്രീ. രതീഷ് കുമാർ പി ആർ | 12/08/2016 | 0 |

സാംഖ്യ രസീതി നൽകുന്നതിന് തടസ്സം നേരിടുമ്പോൾ ഉപയോഗിക്കുന്നതിനായി ഓഫീസ് ആവശ്യത്തിനായി ഇഷ്യു ചെയ്ത രസീതി പുസ്തകം (ഇന്ററപ്റ്റഡ് രശീതി) ഉണ്ടെന്നിരിക്കെ ഔട്ട് ഡോർ കളക്ഷന് പോവാത്ത സമയങ്ങളിൽ പിരിവുദ്യേഗസ്ഥർക്ക് രസീതി ബുക്കുകൾ അനുവദിക്കുന്നത് ഉചിതമല്ല. ഒരു രസീതി പോലും ഉപയോഗിക്കാത്ത രസീതി ബുക്കുകൾ റദ്ദ് ചെയ്യാതെ തിരികെ സ്റ്റോക്കിലെടുക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് ലൈസൻസ് വിതരണം കാര്യക്ഷമമാക്കേണ്ടതാണ്

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു (വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2015-16 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | | ആകെ |
|---|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ | |
| 49 | 26 | 132 | - | 158 | 207 |

ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം ഉലോം ഉച്ചമാണ്. 2015-16 ൽ ലൈസൻസ് പുതുക്കുന്നതിന വേണ്ടി ലഭിച്ച അപേക്ഷകളിൽ 84 % വും നിശ്ചിത സമയത്തിന ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്യു ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിന കാരണമാകുകയും ചെയ്യുന്നു.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കാതെ വരുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പ് വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

| വർഷം | ലൈസൻസ് ഫീസ് | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 2014-15 | 85350 | 227 |
| 2015-16 | 115150 | 207 |

2014-15 സാമ്പത്തിക വർഷത്തിൽ ആകെ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 227 ആയിരുന്നു. എന്നാൽ അത് 2015-16 ൽ 158 ആയി ചുരുങ്ങി (207 ൽ 49 അപേക്ഷകളും പുതിയവ ആയിരുന്നു). എന്നാൽ ബാക്കിയുള്ള 69 (227-158) സ്ഥാപനങ്ങൾ എന്നന്നേക്കുമായി നിർത്തുന്നു എന്ന അറിയിപ്പ് ഒന്നും തന്നെ പഞ്ചായത്തിന് നൽകിയിട്ടുമില്ല. ബാക്കിയുള്ള 69 സ്ഥാപനങ്ങളേയും ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രവർത്തിക്കാൻ അനുവദിച്ചു. ഇവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴശിക്ഷ ഈടാക്കേണ്ടതാണ് (ചട്ടം 26).

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

വർഷത്തിലുടെ നീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു.
ഇതിന പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന സമ്പ്രദായം നിലവിൽ വരേണ്ടതാണ്.
പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ട 100 രൂപ നേരിട്ട് ടി.ആർ 5 ൽ വാങ്ങി ജനങ്ങൾക്ക് സൗകര്യം ചെയ്തു കൊടുക്കാവുന്നതാണ്.

ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിന വേണ്ടി അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ കാലികമാക്കാത്തതിനാൽ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല

## 2-4 പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

ബിൽഡിംഗ് ലൈസൻസിനുള്ള അപേക്ഷ ഫ്രണ്ട് ഓഫീസിൽ ലഭിച്ചത് മുതൽ അതിന്റെ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ (തീയതി ഉൾപ്പെടെ) രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് പെർമിറ്റ് രജിസ്റ്ററിലാണ്. എന്നാൽ പഞ്ചായത്തിൽ സെക്ഷൻ സൂക്ഷിക്കുന്ന പെർമിറ്റ് രജിസ്റ്റർ അപൂർണമാണ്.

മാസം തോറും നടന്നു വരുന്ന പെർഫോർമൻസ് ഓഡിറ്റ് ടീം ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതും ഫയലിന്റെ മൂവ്മെന്റ് രജിസ്റ്ററിൽ അതാത് സമയം തന്നെ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1. പെർമിറ്റ് രജിസ്റ്ററിൽ തറവിസ്തീർണ്ണാനുപാതവും(FAR) ,വ്യാപ്തിയും (Coverage)രേഖപ്പെടുത്തിയിട്ടില്ല.
ആയത് (കോളം നമ്പർ 7) രേഖപ്പെടുത്തേണ്ടതാണ്.

2. രജിസ്റ്ററിൽ Application Fee, Permit Fee (കോളം നമ്പർ 8) എന്നിവ അതാത് കോളത്തിൽ തന്നെ രസീതി നമ്പറടക്കം രേഖപ്പെടുത്തേണ്ടതാണ്

3. എൽ എസ് ജി ഡി എഞ്ചിനിയർ സെക്ഷന് പെർമിറ്റ് ഫയൽ കൈമാറുമ്പോഴും ,തിരിച്ച് ലഭിക്കുമ്പോളും അതാത് കോളത്തിൽ (9,10,11) ഒപ്പോട്ടു കൂടി തീയതി രേഖപ്പെടുത്തേണ്ടതാണ്. 7 ദിവസത്തിനുള്ളിൽ ഫയൽ തിരികെ സെക്ഷന് ലഭ്യമാക്കേണ്ടതാണ്

4. ക്രമവൽകൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതില്ല . ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ (റഗുലൈസേഷൻ രജിസ്റ്റർ) ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5. പൂർത്തീകരണ തീയതിയും(കോളം നമ്പർ 16) നമ്പറിംഗ് നൽകിയതിന്റെ വിശദാംശങ്ങളും (കോളം നമ്പർ 19,20) രേഖപ്പെടുത്തേണ്ടതാണ്.

6. പെർമിറ്റ് നിരസിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം(കോളം നമ്പർ 22) രേഖപ്പെടുത്തേണ്ടതാണ്.

7. സെക്രട്ടറി പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് മൊത്തത്തിൽ നിരീക്ഷിക്കേണ്ടതും ആയത് (കോളം നമ്പർ 21) ഇനീഷ്യൽ ചെയ്യേണ്ടതുമാണ്.

8.പെർമിറ്റ് രജിസ്റ്ററിന്റെ വാർഷിക സംഗ്രഹം സെക്ഷൻ തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
9. ബിൽഡിംഗ് പെർമിറ്റിന് ലഭിക്കുന്ന അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് 2011 ലെ കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 22(7) f അനുസരിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 271 B (3) വകുപ്പ് പ്രകാരം സെക്രട്ടറി നൽകിയിട്ടുള്ള പെർമിറ്റുകളുടെ വിശദാംശങ്ങൾ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്

## 2-5 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ , ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്ത് ക്രമവൽകൃത രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. ക്രമവൽകരണ ഇനത്തിൽ ₹344,798 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാലും ആയതിന്റെ സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാലും ക്രമവൽകരണ ഇനത്തിൽ ലഭിച്ച ഫീയുടെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും , ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസറ്ററുകൾ സൂക്ഷിക്കേണ്ടതാണ്. സ.ഉ (കൈ) നമ്പർ 170/2016 ത.സ്വ.ഭ.വ തിയ്യതി 16.11.2016(174/2016 ത.സ്വ.ഭ.വ തിയ്യതി 23.11.2016) പ്രകാരം കെട്ടിട നിർമാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും ഇപ്പോൾ നിർമാണം പൂർത്തിയാക്കിയിട്ടുള്ള 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു എ നമ്പർ നൽകി നിയമ പ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും അതാതു പഞ്ചായത്തുകൾക്ക് അധികാരം നൽകി ഉത്തരവായിട്ടുണ്ട്.

## 2-6 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

| ക്ര ന | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധവർഷം |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി ചട്ടിപ്പറമ്പ് | 2015-16 | ഒന്നാം അർദ്ധവർഷം |
| | | | രണ്ടാം അർദ്ധവർഷം |
| 2 | ബി എസ് എൻ എൽ ടെലഫോൺ എക്സ്ചെയ്ഞ്ച് ചാപ്പനങ്ങാടി | 2015-16 | ഒന്നാം അർദ്ധവർഷം |
| | | | രണ്ടാം അർദ്ധവർഷം |

മേൽ പരാമർശിച്ച സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി അടച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ ഇൻസ്റ്റിറ്റ്യൂഷനൽ തൊഴിൽ നികുതി അടച്ചിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് അർദ്ധ വാർഷിക റിട്ടേണുകൾ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും ആയതനുസരിച്ച് തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 14 – 29/11/2016 പ്രാകാരം വിശദീകരണം തേടിയിരുന്നു.മറുപടി ലഭിച്ചില്ല)

## 2-7 ഓഡിറ്റോറിയങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ

ഗ്രാമ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും വരുമാനത്തിനനുസൃതമായി സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്ര ന | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധവർഷം |
|---|---|---|---|
| 1 | ജവാൻ ഓഡിറ്റോറിയം<br>പറങ്കിമൂച്ചിക്കൽ | 2015-16 | ഒന്നാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം |
| 2 | സിറാജ് ഓഡിറ്റോറിയം<br>ചാപ്പനങ്ങാടി | 2015-16 | ഒന്നാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം |
| 3 | സഫ മിനി ഹാൾ<br>മാണൂർ | 2015-16 | ഒന്നാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം |
| | | | രണ്ടാം അർദ്ധവർഷം |

മേൽ സൂചിപ്പിച്ച വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംരഭങ്ങളിൽ നിന്നും അർദ്ധ വാർഷിക റിട്ടേണുകൾ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും ആയതനുസരിച്ച് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച ഓഡിറ്റോറിയത്തിന് പുറമേ മറ്റേതെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെയും അർദ്ധ വാർഷിക റിട്ടേണുകൾ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും ആയതനുസരിച്ച് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി നമ്പർ 15 – 29/11/2016 നൽകി വിശദീകരണം തേടിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല)

## 2-8 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി

താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി അടവാക്കി

| ക്ര ന | സാമ്പത്തിക വർഷം | പേര്/തസ്തിക സ്ഥാപനം | നികുതി വിധേയമാകുന്ന വരുമാനം | അർഹമായ നികുതി | ഈടാക്കിയ നികുതി | നികുതിയിലെ കുറവ് |
|---|---|---|---|---|---|---|
| 1 | 2015-16 രണ്ടാം അർദ്ധവർഷം | ശ്രീ. ഫൈസൽ ഹെൽപ്പർ (ഹോബ് പാക്ക്സ്, പ്രൈവറ്റ് ലിമിറ്റഡ്) | 30,000 | 300 | 180 | 120 |
| | | ശ്രീ. റിയാസ് ഹെൽപ്പർ (ഹോബ് പാക്ക്സ്, പ്രൈവറ്റ് ലിമിറ്റഡ്) | 30,000 | 300 | 180 | 120 |
| | | | | | | 240 |

താഴെ പറയുന്ന പൊൻമള വില്ലേജ് ഓഫീസിലെ വി ഒ യിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയപ്പോൾ ആദ്യ പകുതിയിൽ ശമ്പളം നിർണയിച്ചതിൽ ആകെ ഒരു മാസത്തെ അടിസ്ഥാന ശമ്പളം മാത്രമേ പരിഗണിച്ചിട്ടുള്ളൂ. കുറവ് വന്ന 250 രൂപ കൂടി വില്ലേജ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്ര ന | സാമ്പത്തിക വർഷം | പേര്/തസ്തിക സ്ഥാപനം | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ഫെസ്റ്റിവൽ അലവൻസ് | ആകെ | നികുതി ഈടാക്കിയത് |
|---|---|---|---|---|---|---|---|
| 1 | 2015-16 ആദ്യ അർദ്ധവർഷം | ശ്രീമതി. സോഫിയ ബി ജെയിൻസ് വില്ലേജ് ഓഫീസർ | 10,969 | 87,872 | 2400 | 1,01,241 | 1000 |

| ക്ര ന | സാമ്പത്തിക വർഷം | പേര്/തസ്തിക സ്ഥാപനം | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ഫെസ്റ്റിവൽ അലവൻസ് | ആകെ | നികുതി ഈടാക്കിയത് |
|---|---|---|---|---|---|---|---|
| 2 | 2015-16 രണ്ടാം അർദ്ധവർഷം | ശ്രീമതി. സോഫിയ ബി ജെയിൻസ് വില്ലേജ് ഓഫീസർ | 1,07,160 | 96,444 | | 2,03,604 | 1250 |

നികുതി കുറവായി ഈടാക്കിയതുവഴി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 490/- രൂപ പ്രസ്തുത വ്യക്തികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-9 കോൽക്കളം സർവീസ് സഹകരണ ബാങ്കിന്റെ ശാഖകളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

ചേങ്ങോട്ടൂർ' ആസ്ഥാനമായി പ്രവർത്തിക്കുന്ന കോൽക്കളം സർവീസ് സഹകരണ ബാങ്കിന്റെ മുഖ്യ ശാഖയുടെ സ്ഥാപനത്തിന്റെ തൊഴിൽ നികുതിയും മറ്റു ശാഖകളുടെ ജീവനക്കാരുടെ തൊഴിൽ നികുതിയും പഞ്ചായത്തിൽ അടവാക്കുന്നുണ്ടെങ്കിലും മറ്റു ശാഖകളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി ബന്ധപ്പെട്ട രജിസ്റ്ററിൽ കാണുന്നില്ല.

| ക്ര.ന | കോൽക്കളം ബാങ്കിന്റെ ശാഖ പ്രവർത്തിക്കുന്ന സ്ഥലം |
|---|---|
| 1 | ചാപ്പനങ്ങാടി |
| 2 | ചട്ടിപ്പറമ്പ് |
| 3 | പൊൻമള |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് അർദ്ധ വാർഷിക റിട്ടേണുകൾ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും ആയതനുസരിച്ച് തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 17 – 29/11/2016)

## 2-10 റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല.

റേഷൻ കടകൾ

| ക്രമ നമ്പർ | പ്രവർത്തിക്കുന്ന സ്ഥലം |
|---|---|
| 1 | ചാപ്പനങ്ങാടി |
| 2 | പറങ്കിമൂച്ചിക്കൽ+ |
| 3 | തലക്കാപ്പ് |
| 4 | മുട്ടിപ്പാലം |
| 5 | പള്ളിപ്പടി |
| 6 | മണ്ണഴി |
| 7 | ചേങ്ങോട്ടൂർ |

1996 ജനുവരിയിലെ ഹൈക്കോടതി ഉത്തരവിൽ റേഷൻകടകളിൽ നിന്നും D &O ലൈസൻസ് ഫീസ് (തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവയെപറ്റി പരാമർശമില്ല) ഈടാക്കുന്നതിന് കേരളാ പഞ്ചായത്ത് രാജ് ആക്ടിൽ പ്രൊവിഷൻ ഇല്ല എന്നാണുണ്ടായിരുന്നത്. എന്നാൽ ടി ഉത്തരവ് 1996 ലെ പഞ്ചായത്ത് രാജ് ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള ഉത്തരവായതിനാൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കാവുന്നതാണ്. ആയതിനാൽ അടിയന്തിരമായി 2016-17 മുതലുള്ള ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.മുകളിൽ സൂചിപ്പിച്ച റേഷൻകടകൾക്ക് പുറമെ മറ്റേതെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിൽ നിന്ന് കൂടി ഈടാക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ (റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിൽ) ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 18– 29.11.2016 പ്രകാരം വിശദീകരണം തേടിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല

## 2-11 ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ല. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ക്രമ നം | വാർഡ് / കെട്ടിട നം | കെട്ടിട ഉടമ | പഴയ നികുതി | 2011ലെ ചട്ടപ്രകാരം പുനർ നിർണ്ണയിച്ച യഥാർത്ഥ നികുതി | അനർഹമായി പരിമിതപ്പെടുത്തി നിശ്ചയിച്ച നികുതി (പഴയ നികുതി + 150 % വർദ്ധനവ്) | കുറവ് |
|---|---|---|---|---|---|---|
| 1 | 14/205 | ശ്രീ. കല്ലിടുമ്പൻ ഇബ്റാഹീം | 189 | 6561 | 473 | 6080 |
| 2 | 17/169 | പ്രസിഡന്റ് അൽമ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് | 51 | 355 | 128 | 227 |
| 3 | 5/420 | ശ്രീമതി.നഫീസ ഹജ്ജുമ്മ | 52 | 1200 | 130 | 1070 |
| 4 | 10/527 | ശ്രീ.അബ്ദുൽ മജീദ് | 982 | 3681 | 2455 | 1226 |
| ആകെ | | | | | | 8603 |

ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്താതെ ചട്ടപ്രകാരം പുനർ നിർണ്ണയിച്ച യഥാർത്ഥ നികുതി ഡിമാന്റ് ചെയ്ത് ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 19– 01.12.2016 പ്രകാരം വിശദീകരണം തേടിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗൻവാടി പൂരക പോഷകാഹാരം - മാവേലി സ്റ്റോറിലെ നിരക്കിലേക്കാൾ അധിക തുക നൽകി

2015-16 സാമ്പത്തിക വർഷത്തിൽ ICDS Supervisor നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ "അംഗൻവാടികൾക്ക് അനുപൂരക പോഷകാഹാരം"എന്ന പ്രൊജക്ട് പ്രകാരം (Pr.No. 12/16) ഗ്രാ.പ.ലെ വിവിധ അംഗൻവാടികളിലേക്ക് ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിട്ടുള്ളത് മഹിമ കുടുംബശ്രീ അയൽക്കൂട്ടം മാർക്കറ്റിംഗ് ഏജൻസി"യിൽ നിന്നാണ്(കെട്ടിട നമ്പർ :XIV/142-B).7-5-13ലെ 5(10), 24-5-14ലെ 6(4) എന്നീ നമ്പറിലുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനങ്ങൾ പ്രകാരമാണ് ഭക്ഷ്യ വിതരണം മേൽ കുടുംബശ്രീ യൂണിറ്റിനെ ഏല്പിച്ചിട്ടുള്ളതെന്ന് മിനട്സിൽ നിന്നും വ്യക്തമാകുന്നു.

അംഗൻവാടികൾക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ മാവേലി സ്റ്റോർ, ലാഭം സ്റ്റോർ, നീതി സ്റ്റോർ, സഹകരണസംഘങ്ങൾ , പൊതു വിതരണ കേന്ദ്രങ്ങൾ ,തീരമൈത്രിസൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നോ കുടുംബശ്രീയൂണിറ്റുകളിൽ നിന്നോ വാങ്ങാവുന്നതാണെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 14-5-08 ലെ31956/08/DB2/LSGD സർക്കുലർ പ്രകാര വും 4-5-11 ലെ 54814/DC2/10/LSGD ഉത്തരവിലും അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഭക്ഷ്യ വസ്തുക്കൾ വാങ്ങാമെങ്കിലും അവ Civil Supplies Corporationന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ മറ്റിടങ്ങളിൽ നിന്ന് വാങ്ങാവൂ എന്ന് 4-5-11 ലെ 54814/DC2/10/LSGD ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.14-12-11ലെ 34574/DC/210/LSGD ഉത്തരവിലും ഇതേ കാര്യം വീണ്ടും എടുത്തു പറഞ്ഞിട്ടുണ്ട്.

മാവേലി സ്റ്റോറിലെ നിരക്കിനേക്കാൾ അധികരിച്ച നിരക്കിൽ ഭക്ഷ്യ ധാന്യം വാങ്ങിയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(അതാത് മാസങ്ങളിലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അംഗീകൃത വിലവിവരപ്പട്ടികയുമായാണ് താരതമ്യം ചെയ്തിട്ടുള്ളത്, ടി ലിസ്റ്റിൽ ഇല്ലാത്ത ഇനങ്ങളിൽ ഉദാ: ശർക്കര, അന്നത്തെ മാർകറ്റ് വിലയുമായാണ് താരതമ്യം ചെയ്തത്)

| Cash bill No/dt:, Try.Bill No/dt: | ഇനം | തൂക്കം (Kg) | വില നിരക്ക് | നൽകിയ ആകെ വില | മാവേലി സ്റ്റോർ നിരക്ക് | ആകെ വില | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1/18-5-15 | വെളിച്ചെണ്ണ | 185 pack | 180 | 33300 | 158.76 | 29370 | 3930 |
| | വൻ പയർ | 400 | 55 | 22000 | 52 | 20800 | 1200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 1/23-6-15 | ചെറു പയർ | 290 | 99.5 | 28855 | 97 | 28130 | 725 |
| | ശർക്കര | 365 | 46.5 | 16972.5 | 38.8 | 14162 | 2810.5 |
| 2/20-7-15<br>3/21-8-15 | വെളിച്ചെണ്ണ | 194 pack | 145 | 28130 | 137.2 | 26617 | 1513 |
| | വൻ പയർ | 335 | 56.5 | 18927 | 53 | 17755 | 1172 |
| | ചെറു പയർ | 237 | 97.5 | 23107 | 92 | 21804 | 1303 |
| | ശർക്കര | 275 | 44.5 | 12237.5 | 39.35 | 10821 | 1415 |
| 4/11-11-15<br>7/11-1-16 | ചെറുപയർ | 205 | 104 | 21320 | 102 | 20910 | 410 |
| | വൻ പയർ | 290 | 65 | 18850 | 55 | 15950 | 2900 |
| | വെളിച്ചെണ്ണ | 150 pack | 147 | 22050 | 125.44 | 18816 | 3234 |
| | ശർക്കര | 225 | 45 | 10125 | 37.2 | 8370 | 1755 |
| 5/28-12-15<br>8/14-1-16 | വൻ പയർ | 370 | 63 | 23310 | 55 | 20350 | 2960 |
| | വെളിച്ചെണ്ണ | 237 pack | 140 | 33180 | 115.64 | 27407 | 5773 |
| | ശർക്കര | 340 | 46.5 | 15810 | 41.8 | 14212 | 1598 |
| ആകെ അധികം =32,699രൂപ | | | | | | | |

പൊന്മള ഗ്രാമ പഞ്ചായത്തിൽ 2015-16 രണ്ടാം പകുതിയിലാണ് മാവേലി സ്റ്റോർ പ്രവർത്തനം തുടങ്ങിയിട്ടുള്ളത്.അതിന് മുമ്പ് ഏതാണ്ട് 3 കി.മീ.അകലെയുള്ള ചട്ടിപ്പറമ്പിൽ (കോഡൂർ ഗ്രാമ പഞ്ചായത്ത് ) നേരത്തെ തന്നെ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ടായിരുന്നു എങ്കിലും ഭക്ഷ്യ വസ്തുക്കൾ മാവേലി സ്റ്റോറിൽ നിന്നും വാങ്ങാതെ കുടുംബശ്രീ യൂണിറ്റിനെ ഏല്പിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (No/dt: 20/1-12-16) നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന ICDS Supervisor നൽകിയ മറുപടിയിൽ (തീ: 1-12-16), മേൽ പരാമർശിച്ച പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്അപ്രകാരം ചെയ്തിട്ടുള്ളതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.

മേൽ പരാമർശിച്ച പ്രകാരമുള്ള ' മഹിമ കുടുംബശ്രീ അയൽക്കൂട്ട മാർക്കറ്റിംഗ് ഏജൻസി" എന്ന സ്ഥാപനം മുമ്പ് വാടകക്ക് പ്രവർത്തിച്ചിരുന്നത് പഞ്ചായത്തിലെ 14-ം വാർഡിലെ 142 – B എന്ന കെട്ടിടത്തിലാണ്. ***ചിത്രം 1 ( കെട്ടിട ഉടമ : മൂഴിയാൻ മരക്കാർ). 29-11-16 തീയതിയിൽ ICDS Supervisor -ടെ സാന്നിദ്ധ്യത്തിൽ ടി കെട്ടിടം ഓഡിറ്റ് ടീം സന്ദർശിച്ചപ്പോൾ മേൽ കുടുംബശ്രീ യൂണിറ്റ് ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. ടി യൂണിറ്റ് 2015-16 വർഷത്തിൽ തന്നെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്നും ഇപ്പോൾ മറ്റെവിടെയും ടി യൂണിറ്റ് പ്രവർത്തിക്കുന്നില്ലെന്നും ടി യൂണിറ്റിന്റെ പ്രസിഡണ്ടും സെക്രട്ടറിയും ഓഡിറ്റിനോട് വ്യക്തമാക്കുകയുണ്ടായി. അതിൽ നിന്നും അംഗൻവാടി ഭക്ഷ്യ വിതരണത്തിന് മാത്രമായിട്ടാണ് മേൽ യൂണിറ്റ് പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാണ്.

14-5-08, 4-5-11, 14-12-11 എന്നീ തീയതികളിലെ മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മാവേലി സ്റ്റോറിലെ വിലയേക്കാൾ അധികം നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയതിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടം,32,699 രൂപ , 7-5-13, 24-5-14 എന്നീ തീയതികളിലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ ഹാജരായിരുന്ന ഭരണ സമിതി അംഗങ്ങളിൽ നിന്നും പ്രസ്തുത തീരുമാനങ്ങൾക്കെതിരെ വിയോജനക്കുറിപ്പ് രേഖപ്പെടുത്താതിരുന്ന പഞ്ചായത്ത് സെക്രട്ടറി, ICDS Supervisor എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

***



## 3-2 പോട്ടബിൾ ബയോ ഗ്യാസ് പ്ലാന്റ് - 70% പാഴ് ചെലവ്

2015-16 വർഷത്തിൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "Potable Bio-Gas Plant"എന്ന പ്രൊജക്ക് പ്രകാരം (Spill Over) തൻ വർഷത്തിൽ 1,47,000 രൂപ Socio Economic Unit Foundation-ന് നൽകിയിട്ടുണ്ട്(ചെക്ക് നമ്പർ/ തീയതി: 0467372/8-3-16,14 ഗുണഭോക്താക്കൾ, @ 10,500/-). പ്രസ്തുത 14 ഗുണഭോക്താക്കളുടെ വീടുകളിൽ 0.5m3 കപ്പാസിറ്റിയുള്ള Potable Bio – Gas plant (Pre – Fabricated ) സ്ഥാപിച്ചിട്ടുണ്ടെന്ന് ടി ഏജൻസി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്ളാന്റ് നന്നായി പരിപാലിക്കുമെന്നും ആയതിനുള്ള മാർഗ നിർദേശങ്ങൾ ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത ഗുണഭോക്താക്കളും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ ഗുണഭോക്താക്കളിൽ 10 പേരുടെ വീടുകളിൽ 29-11-16 ന് സന്ദർശനം നടത്തിയതിൽ 3 പേരുടെ ( മുഹമ്മദ് കാവുങ്ങൽ,അബ്ദുൾസലാം തെക്കുംകര, അബ്ദുൾ റഹ്മാൻ വരിക്കോടൻ ) വീടുകളിൽ മാത്രമേ പ്രസ്തുത പ്ളാന്റ് ഉപയോഗിക്കുന്നുള്ളൂ എന്ന് ബോദ്ധ്യപ്പെട്ടു. 2 പേരുടെ ( ഹൈദർ ഹാജി മൂസ കുന്നത്തൊടി,ഹഫ്സത്ത് കുന്നത്തൊടി ) വീടുകളിൽ ടി പ്ളാന്റ് കണ്ടെത്താനായില്ല. ശേഷിച്ച 5 വീടുകളിൽ (സുരേഷ് കണ്ടംകുളം, റസിയ അവുലാൻ, ഫാത്തിമ അവുലാൻ, സലാം വടക്കൻ, ഇസ്മായിൽ പൂന്തിരുത്തി) ആയത് ഉപയോഗിക്കാതെ ഇട്ടിരിക്കുന്നതായിട്ടാണ് കാണാൻ കഴിഞ്ഞത്.

2014-15 വർഷത്തിൽ 8,82,000 രൂപയും 2015-16 വർഷത്തിൽ 1,47,500രൂപയും ഉൾപ്പെടെ ആകെ 10,29,000 രൂപ മേൽ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച പ്രകാരം 30-11-16 ന് 10 വീടുകളിൽ പരിശോധന നടത്തിയതിൽ 3 വീടുകളിൽ മാത്രമാണ് പ്രസ്തുത ബയോ ഗ്യാസ് പ്ളാന്റ് ഉപയോഗിക്കുന്നത് എന്ന് കണ്ടതിൽ നിന്നും ഏതാണ്ട് 30 % മാത്രമേ പ്രസ്തുത പദ്ധതി വിജയിച്ചിട്ടുള്ളൂ എന്ന് വ്യക്തമാണ്.ആയതിനാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുകയുടെ 70 % വും പാഴ് ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഉപയോഗിക്കാതെ ഉപേക്ഷിച്ച ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഗാർഹിക മാലിന്യ പ്രശ്നം പരിഹരിക്കാനും പാചകവാതക ഉപയോഗത്തിനും ഉപയുക്തമായ ഇത്തരത്തിലുള്ള പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ യഥാർത്ഥ ആവശ്യക്കാർ മാത്രമേ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
** സ്ഥല പരിശോധനയിൽ ശേഖരിച്ച ചിത്രങ്ങൾ




***



## 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം സെക്രട്ടറി നടത്തിയ ചെലവിനങ്ങൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| ക്രന | വൗച്ചർ നമ്പർ<br>തിയ്യതി | തുക | വിവരണം | കൈപറ്റിയ ആൾ |
|---|---|---|---|---|
| 1 | 21500041<br>27.04.2015 | 2000 | 21-ാം ബധിര കായികമേളക്ക് സംഭാവന<br>സ.ഉ (സാധാ) 3064/2014 ത.സ്വ.ഭ.വ 25.11.2014 | ജനറൽ കൺവീനർ ശ്രീ.മുജീബ് റഹ്മാൻ |

| | | | | |
|---|---|---|---|---|
| 2 | 21500304<br>09.09.2015 | 6309 | 7ാം വാർഡ് മണ്ണഴി ശിവക്ഷേത്രം നടവരവ് റോഡിൽ ഇലക്ട്രിക് സ്റ്റേ വയർ മാറ്റി സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തുക കെ എസ് ഇ ബിയിൽ ഒടുക്കിയത് | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി<br>ഇലക്ട്രിക് സെക്ഷൻ ചട്ടിപ്പറമ്പ് |
| 3 | 21500307<br>17.09.2015 | 10,000 | സ.ഉ(എം എസ് ) നമ്പർ 188/2015 തസ്വ.ഭ.വ 08.06.2015 പ്രകാരം പെർഫോർമൻസ് ഓഡിറ്റ് നവീകരണത്തിന് പഞ്ചായത്ത് വിഹിതം നൽകിയത് | സീനിയർ സൂപ്രണ്ട് എ.ഡി.പി. ഓഫീസ് മലപ്പുറം |
| | ആകെ | 18309 | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ്തുക ₹ 18309 രൂപ തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി 4/22.11.2016 പ്രകാരം വിശദീകരണം ലഭിക്കുന്നു)

## 3-4 ആയുർവേദ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങലിന് വികസന ഫണ്ട് വിനിയോഗിച്ചത്

സ.ഉ (കൈ) 300/2010 ത.സ്വ.ഭ.വ 10.12.2010 പ്രകാരമുള്ള റോഡിതര സംരക്ഷണ ഗ്രാന്റ് പുതുക്കിയ മാർഗരേഖ പ്രകാരം കൈമാറിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് റോഡിതരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. എന്നാൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് നമ്പർ S0019/16 ആയുർവേദ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിക്കായി വകയിരുത്തിയത് വികസന ഫണ്ടാണ് . ആകെ 100,000 രൂപ വകയിരുത്തിയതിൽ 99,368/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നമ്പർ 3/15-16 തിയ്യതി 04.01.2016) . റോഡിതരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാമെന്നിരിക്കെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്ന വികസന ഫണ്ട് വകയിരുത്തി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. 31.03.2016 ന് മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ 5,64,224 രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്. ലഭ്യമായ ഫണ്ടുകളെല്ലാം പൂർണതോതിൽ ചെലവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ആയുർവേദ മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക മുൻകൂറായി കരാറുടമ്പടി വെച്ച് ഔഷധി മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിരിക്കുന്നു.

| ക്ര.ന | പ്രോജക്ട് നമ്പർ<br>പേർ/ തുക | ബിൽ നമ്പർ<br>തിയ്യതി | ഡി ഡി നമ്പർ<br>തിയ്യതി |
|---|---|---|---|
| 1 | S0002/16<br>ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ ₹ 4,00,000/- എം.ജി(എൻ.ആർ) | 2/15-16<br>31.10.2015 | 539057<br>31.10.2015 |
